©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ഒക്ടോബർ 27<br>27th October 2021<br>1197 തുലാം 11<br>11th Thulam 1197<br>1943 കാർത്തികം 5<br>5th Karthika 1943 | നമ്പർ<br>No. 3123 |

### കൂത്താട്ടുകുളം നഗരസഭ

### വിജ്ഞാപനം

26/10/2021

**PW1-6717/2021**

**കൂത്താട്ടുകുളം**

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ ഉൾപ്പെടുന്നതും 31/08/2021 ലെ സ.ഉ.(കൈ.)നം.189/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ളതുമായ കൂത്താട്ടുകുളം നഗരസഭാ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ കൂത്താട്ടുകുളം മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോടുകൂടി സ്വീകരിച്ചത് നഗരസഭാ ഔദ്യോഗിക വെബ്സൈറ്റിൽ 2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016 ലെ 9) 36-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
മുനിസിപ്പൽ സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – I V

[ചട്ടം 19(2) കാണുക]

# കൂത്താട്ടുകുളം മുനിസിപ്പൽ കൗൺസിൽ

2016 ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ട് (2016 ലെ 9) 36–ാം വകുപ്പിൻറെ 4–ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെപ്പറയുന്ന അതിരുകളോടു കൂടിയ കൂത്താട്ടുകുളം നഗരസഭാ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ കൂത്താട്ടുകുളം മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോടുകൂടി സ്വീകരിച്ചത് കൂത്താട്ടുകുളം മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റായ “koothatukulammunicipality.lsgkerala.gov.in” ൽ 2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ടിന്റെ (2016 ലെ 9) 36 –ാം വകുപ്പ് (4) –ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | | |
|---|---|---|
| വടക്ക്, വടക്ക് പടിഞ്ഞാറ് | :- | തിരുമാറാടി ഗ്രാമപഞ്ചായത്ത് |
| വടക്ക്, വടക്ക് കിഴക്ക് | :- | പാലക്കുഴ ഗ്രാമപഞ്ചായത്ത് |
| തെക്ക്, തെക്ക് കിഴക്ക് | :- | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് (കോട്ടയം ജില്ല) |
| തെക്ക്, തെക്ക് പടിഞ്ഞാറ് | :- | ഇലഞ്ഞി ഗ്രാമപഞ്ചായത്ത് |

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി കൂത്താട്ടുകുളം മുനിസിപ്പൽ കൗൺസിലിന്റെ ഓഫീസിലും ലഭ്യമാണ്.

പ്ലാൻ പരിശോധിച്ച് ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം (60 ദിവസത്തിനകം) കൂത്താട്ടുകുളം മുനിസിപ്പൽ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ട് (2016 ലെ 9) 61–ാം വകുപ്പ് പ്രകാരം മുനിസിപ്പൽ അതിർത്തിക്കുള്ളിൽ മാസ്റ്റർ പ്ലാൻ പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്ക് അനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016 ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിൽ നിന്നും പ്രസിദ്ധീകരണാനുമതി ലഭിച്ചശേഷം കൂത്താട്ടുകുളം നഗരത്തിനായുള്ള കരട് മാസ്റ്റർ പ്ലാൻ നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ആക്ടിലെ 36–ാം വകുപ്പ് (4)–ാം ഉപവകുപ്പിൽ നിഷ്കർഷിക്കുന്ന വിധം ഔദ്യോഗിക ഗസറ്റിലുൾപ്പെടെ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.10.27 01:11:46 +05:30